**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഏരുവേശ്ശി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.179/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 20.01.2018.

---

പരാമർശം - 1) പയ്യാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.03.2017 ലെ 3(1) നമ്പർ തീരുമാനം.

2) പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.03.2017 ലെ എ 1-1859/16 നമ്പർ കത്ത്

3) കണ്ണൂർ ജില്ലാ കളക്ടറുടെ 10/04/2017 - ലെ സി-IDCKNR/8519/2016 നമ്പർ കത്ത്

**ഉത്തരവ്**

പയ്യാവൂർ എരുവേശ്ശി ഗ്രാമപഞ്ചായത്തുകളിൽ നബാർഡ് സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്ക് 2015 ൽ 35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്ഥലം ഏറ്റെടുത്ത് നൽകേണ്ടതുണ്ട്.

കണ്ണൂർ ജില്ലയിലെ പയ്യാവൂർ എരുവേശ്ശി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിയ്ക്കായി കിണറും പമ്പ് ഹൗസും സ്ഥാപിക്കുന്നതിന് ശ്രീകണ്ഠപുരം വില്ലേജിലെ നെടുംങ്ങോം ദേശത്തെ റീസർവ്വേ 129/5 ൽപ്പെട്ടതും ശ്രീ ഉടുമ്പനാട് ജോയിയുടെ കൈവശമുള്ളതുമായ 3 സെന്റ് സ്ഥലവും ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ സജ്ജീകരണങ്ങളും സ്ഥാപിക്കുന്നതിന് പയ്യാവൂർ ദേശത്തെ റീസർവ്വേ 1/1 ൽപെട്ടതും ശ്രീ ബിജു എസ് നായരുടെ കൈവശത്തുള്ളതുമായ 15 സെന്റ് സ്ഥലവുംനെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാൻ പരാമർശം (1) പ്രകാരം പയ്യാവൂർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ച ,കണ്ണൂർ ജില്ലാ കളക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പയ്യാവൂർ എരുവേശ്ശി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനായി ശ്രീകണ്ഠപുരം വില്ലേജിലെ നെടുംങ്ങോം ദേശത്തെ റീസർവ്വേ 129/5 ൽപ്പെട്ടതും ശ്രീ ഉടുമ്പനാട് ജോയിയുടെ കൈവശമുള്ളതുമായ 3 സെന്റ് സ്ഥലവും ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ സജ്ജീകരണങ്ങളും സ്ഥാപിക്കുന്നതിനായി പയ്യാവൂർ ദേശത്തെ റീസർവ്വേ 1/1 ൽപെട്ടതും ശ്രീ ബിജു എസ് നായരുടെ കൈവശത്തുള്ളതുമായ 15 സെന്റ് സ്ഥലവും SLMC അംഗീകാരത്തോടെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ തല പർച്ചേയ്സ് കമ്മിറ്റി ചേർന്ന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് പയ്യാവൂർ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

ജില്ല കളക്ടർ, കണ്ണൂർ

സെക്രട്ടറി, പയ്യാവൂർ ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്റ്റ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ